# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/05/2025

1. മൃഗസംരക്ഷണ വകുപ്പ്ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പണികഴിപ്പിച്ച പന്തുവിള മൃഗസംരക്ഷണ ഉപകേന്ദ്രത്തിന്റെ പുതിയ കെട്ടിട ഉദ്ഘാടനം ഇന്ന് (21.05.2025) ഉച്ചയ്ക്ക് 2.30ന് എം എൽ എ അഡ്വ. വി ജോയിയുടെ അധ്യക്ഷതയിൽ മൃഗാസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കുന്നു.

2. സംസ്ഥാന സർക്കാരിൻ്റെ നാലാം വാർഷികാഘോഷതോടനുബന്ധിച്ചുള്ള തിരുവനന്തപുരം ജില്ലാ എൻ്റെ കേരളം പ്രദര്ശന വിപണന മേള കനകക്കുന്നിൽ നടന്നു വരുന്നു. പ്രസ്തുത മേളയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിപുലമായ രീതിയിൽ കാർഷിക പ്രദര്ശനവും വിപണന മേളയും ഒരുക്കിയിരിക്കുന്നു. സമഗ്ര പച്ചക്കറി ഉത്പാദന യജ്ഞത്തിൻ്റെ ഭാഗമായി വിവിധ കാർഷിക സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള പോളിഹൗസ്, മഴമറ, വെർട്ടിക്കൽ ഗാർഡൻ, ഹൈഡ്രോപോണിക്സ്,അക്വാപോണിക്സ്, തിരിനന, പ്രെസിഷൻ ഫാർമിംഗ്, മൈക്രോഗ്രീൻസ് ,സ്കൂൾ ഗാർഡൻ തുടങ്ങിയ കൃഷി രീതികൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകളുടെ സ്റ്റാളിൽ നിന്നും വിവിധയിനം മാവ്, പ്ലാവ്, റംബൂട്ടാൻ കുടംപുളി, സപ്പോട്ട തുടങ്ങിയവയുടെ ഗ്രാഫ്റ്റുകളും പേര, നാരകം, ചാമ്പ തുടങ്ങിയവയുടെ ലെയറുകളും വിവിധ പച്ചക്കറി വിളകളുടെ വിത്തുകൾ, ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കൾ, അലങ്കാര ചെടികൾ, തുടങ്ങിയവ ലഭ്യമാണ്. സഞ്ചരിക്കുന്ന മണ്ണ് പരിശോധന യൂണിറ്റിൻ്റെ സേവനവും മേളയിൽ ലഭ്യമാണ്. സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലയുടെ ആഭിമുഖ്യത്തിൽ കർഷകർക്ക് സൗജന്യമായി മണ്ണ് സാമ്പിൾ പരിശോധിച്ചു കൊടുക്കുന്നു. കൃഷിയിട വന്യജീവി ആക്രമണവും പ്രതിരോധ മാര്ഗങ്ങളും എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉള്‍കൊള്ളിച്ചുകൊണ്ടു സജ്ജീകരിച്ചിരിക്കുന്ന സ്റ്റാളില്‍ വന്യ ജീവികള്‍ കാര്‍ഷിക മേഖലയില്‍ ഉണ്ടാക്കുന്ന നാശ നഷ്ടങ്ങളും അവയ്ക്കെതിരെയുള്ള പ്രതിരോധ മാര്ഗങ്ങളും വ്യക്തമാക്കിയിട്ടുണ്ടു. ജൈവവേലികള്‍, ചങ്ങല വേലികള്‍, സൗരവേലികള്‍, തുടങ്ങിയവയെ കുറിച്ചുള്ള വ്യക്തമായ വിവരം നല്‍കിയിട്ടുണ്ട്. കേരളാഗ്രോ ഉത്പന്നങ്ങള്‍, മില്ലെറ്റ് ഉത്പന്നങ്ങള്‍ എന്നിവ പ്രദര്‍ശിപ്പിച്ചിട്ടുണ്ട് ഡിജിറ്റല്‍ അഗ്രിക്കള്‍ച്ചര്‍ മേഖലയിലെ പ്രവര്‍ത്തനങ്ങള്‍ പൊതുജനങ്ങള്‍ക്കു പരിചയപ്പെടുത്തുന്ന സജ്ജീകരണങ്ങളും കൃഷി വകുപ്പ് സ്റ്റാളുകളില്‍ ഒരുക്കിയിട്ടുണ്ട്.

3. പൂക്കോട് വെറ്ററിനറി ആന്‍റ് ആനിമല്‍ സയന്‍സസ് സര്‍വ്വകലാശാലയുടെ കീഴിലുള്ള ഫാമില്‍ ഉല്‍പാദനം കഴിഞ്ഞ ഗ്രാമശ്രീ കോഴികളെ കിലോയ്ക്ക് 110/- രൂപ എന്ന നിരക്കില്‍ വില്‍പ്പയ്ക്ക് സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവര്‍ 9446874402, 8848350105 എന്നീ നമ്പറുകളില്‍ ബന്ധപ്പെടേണ്ടതാണ്.

4. റബ്ബര്‍ കൃഷിചെയ്യുന്നതിന് ഒരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങളെക്കുറിച്ചറിയാന്‍ റബ്ബര്‍ബോര്‍ഡ് കോള്‍സെന്ററില്‍ വിളിക്കാം. കര്‍ഷകരുടെ ചോദ്യങ്ങള്‍ക്ക് ഇന്ന് (2025 മെയ് 21 ബുധനാഴ്ച) രാവിലെ പത്തുമണി മുതല്‍ ഉച്ചയ്ക്ക് ഒരുമണിവരെ ഇന്ത്യന്‍ റബ്ബര്‍ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. മീനാകുമാരി റ്റി. ഫോണിലൂടെ മറുപടി പറയും. കോള്‍സെന്റര്‍ നമ്പര്‍ 0481 2576622.

5. റബ്ബറിന് വളമിടുന്നതില്‍ നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഫോര്‍ റബ്ബര്‍ ട്രെയിനിങ് ഓണ്‍ലൈന്‍ പരിശീലനം നടത്തുന്നു. നാളെ (2025 മെയ് 22-ന്) രാവിലെ 10.30 മുതല്‍ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതല്‍ വിവരങ്ങള്‍ക്ക് 9495928077 എന്ന

ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ training@rubberboard.org.in

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി"എന്ന വിഷയത്തിൽ 2025 മേയ് 24ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിലെ, സെമിനാർ ഹാളിൽ വെച്ചു 'തേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ 2025 മെയ് 22 നു ഏകദിന പ്രാഥമിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രഷേൻ ഫീസ് 550/- രൂപ മാത്രം. താല്പര്യമുള്ളവർ 0487-2370773, 8547070773. എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക.

8. ക്ഷീര വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് മത്സരങ്ങൾ യൂപി & ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് മത്സരം എന്നിവ ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 2025 മെയ് മാസം 22 നു വൈകുന്നേരം 4.00 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം. 0471-2440911 6238718457.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്കൂൾ ഐ.ഡി.കാർഡ്/പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവ ഇല്ലാത്തവരെ പരിഗണിക്കുന്നതല്ല.

9. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ Organic Interventions for Crop Sustainability യുടെ മൂന്നാമത്തെ ബാച്ചിലേക്ക് അപേക്ഷിക്കാൻ ഉള്ള അവസാന തീയതി 2025 മെയ് 23, ലേക്കു നീട്ടിയിരിക്കുന്നു. പ്ലസ്ടു/ തത്തുല്യ യോഗ്യതയുള്ളവർക്ക് 100 രൂപ അടച്ചു രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2371104 അല്ലെങ്കിൽ cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ www.kau.in, www.cti.kau.in സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം